REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഭരണഘടനയുടെ 75-ാം വാർഷികത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഓർമ്മിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കി ബാത്ത് പ്രഭാഷണം.**
- **മലമ്പനി നിയന്ത്രണത്തിലും ക്യാൻസർ പോരാട്ടത്തിലും രാജ്യം സുപ്രധാന നേട്ടങ്ങൾ സ്വന്തമാക്കിയെന്ന് പ്രധാനമന്ത്രി.**
- **കണ്ണൂരിലെ കാനാമ്പുഴ പുനരുജ്ജീവനം ആദ്യഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് ഉദ്ഘാടനം ചെയ്യും.**
- **63 -ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. ജനുവരി 4ന് മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും.**
- **മെൽബണിൽ ബോർഡർ-ഗവാസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ മികച്ച നിലയിൽ.**

## വാർത്തകൾ വിശദമായി

ഭരണഘടനയുടെ 75-ാം വാർഷികത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഓർമ്മിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കി ബാത്ത് 117-ാം പതിപ്പ് ആകാശവാണിയും ദൂരദർശനും പ്രക്ഷേപണം ചെയ്തു. കാലത്തിന്റെ പരീക്ഷണം അതിജീവിച്ച ഭരണഘടന എന്നും രാജ്യത്തിന് വഴികാട്ടിയും മാർഗ്ഗദീപവുമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഭരണഘടനയുടെ പൈതൃകവുമായി പൗരന്മാരെ ബന്ധിപ്പിക്കാൻ 'കോൺസ്റ്റിറ്റ്യൂഷൻ 75.COM' എന്ന പേരിൽ രൂപീകരിച്ച വെബ്സൈറ്റിൽ ഭരണഘടനയുടെ ആമുഖം വായിച്ച് വീഡിയോ അപ്-ലോഡ് ചെയ്യാൻ അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു.

മൻ കി ബാത്തിന്റെ കൂടുതൽ വിവരങ്ങളുമായി ഡെസ്ക് റിപ്പോർട്ട്.

............വോയ്സ്.........

ഈ വർഷത്തെ പ്രയാഗ് രാജ് കുംഭമേളയിൽ ആദ്യമായി നിർമ്മിതബുദ്ധി സംവിധാനം ഉപയോഗിച്ച് എല്ലാവർക്കും സഹായം ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു. ഡിജിറ്റൽ നാവിഗേഷനിലൂടെ കടവുകൾ, ക്ഷേത്രങ്ങൾ, സന്യാസിമഠങ്ങൾ, പാർക്കിംഗ് എന്നിവ സുഗമമാക്കും.

സിനിമാമേഖലയിലെ പല മഹാരഥന്മാരുടെയും നൂറാം ജന്മദിനം 2024 ൽ ആഘോഷിച്ചു. രാജ്കപൂർ, മുഹമ്മദ് റഫി, അക്നേനി നാഗേശ്വര റാവു, തപൻസിൻഹ തുടങ്ങിയവരുടെ ചിത്രങ്ങൾ സമൂഹത്തിന് പുതിയ കാഴ്ചപ്പാടും സാമൂഹ്യബോധത്തിന്റേയും ദേശീയ ഐക്യത്തിന്റേയും സന്ദേശവും പകർന്ന് നൽകിയെന്ന് അദ്ദേഹം വിലയിരുത്തി.

അടുത്ത വർഷത്തെ ലോക ഓഡിയോ വിഷ്വൽ എന്റർടൈൻമെന്റ് ഉച്ചകോടി - 'വേവ്സ് ' രാജ്യത്ത് ആദ്യമായി സംഘടിപ്പിക്കാൻ പോവുകയാണ്. ഭാരതത്തെ ആഗോള ഉള്ളടക്ക നിർമ്മാണത്തിന്റെ കേന്ദ്രമാക്കി മാറ്റുന്ന സുപ്രധാന ചുവടുവെപ്പാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു.

കുട്ടികൾക്കിടയിൽ സൂപ്പർഹിറ്റായ KTB അനിമേഷൻ സീരീസിന്റെ രണ്ടാം സീസൺ ഭാരത സ്വാതന്ത്ര്യ സമരത്തിലെ പ്രമുഖരെക്കുറിച്ച് അറിവ് പകർന്നു നൽകുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ദൂരദർശനിലും മറ്റ് OTT പ്ലാറ്റ്ഫോമുകളിലും പരമ്പര കാണാൻ കഴിയും.

ഇന്ത്യയുടെ വിപുലമായ സാംസ്കാരിക പൈതൃകം കലാ രംഗം മുതൽ ആയുർവേദം വരെയും, ഭാഷയിൽ നിന്ന് സംഗീതം വരെയും, ഭാഷ പഠനം വരെയും എത്തി നിൽക്കുന്നുണ്ട്. ഫിജിയിലെ വിദ്യാർത്ഥികൾ ലോകത്തെ ഏറ്റവും പഴയ ഭാഷയായ തമിഴ് പഠിക്കാനും സംസ്കാരം മനസ്സിലാക്കാനും പരിശ്രമിക്കുന്നുണ്ട്. പരാഗ്വെയിലെ എറിക്കാ ഹ്യൂബർ എന്ന പെൺകുട്ടി ഇന്ത്യൻ എമ്പസിയിൽ സൗജന്യ ആയുർവേദ കൺസൾട്ടേഷൻ നൽകുന്നു. ഇവയെല്ലാം ലോകം ഭാരതത്തിൽ നിന്ന് ഉൾക്കൊള്ളുന്ന വൈവിദ്ധ്യത്തിന്റെ ഉദാഹരണമാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ആരോഗ്യ രംഗത്ത് ഇന്ത്യ നേടിയ രണ്ട് വലിയ നേട്ടങ്ങൾ മൻ കി ബാത്തിൽ പ്രധാനമന്ത്രി എടുത്ത് പറഞ്ഞു. 2015-നും 23നുമിടയിൽ രാജ്യത്തെ മലമ്പനി കേസുകളിലും മരണങ്ങളിലും 80 ശതമാനം കുറവ് കൈവരിക്കാൻ കഴിഞ്ഞു. കൃത്യസമയത്ത് ചികിത്സ ലഭ്യമാക്കിയത് വഴി ക്യാൻസറിനെതിരായ പോരാട്ടത്തിലും ഇന്ത്യ വിജയം കണ്ടിരിക്കുകയാണ്. 90 ശതമാനം

രോഗികൾക്കും ആദ്യ 30 ദിവസത്തിനകം ചികിത്സ നൽകാൻ കഴിയുന്നുണ്ട്. ആയുഷ്മാൻ ഭാരത് യോജനയുടെ പിന്തുണയോടെ സാമ്പത്തിക പ്രശ്നങ്ങൾ നല്ലൊരു പങ്ക് കുറച്ച് ചികിത്സ മുന്നോട്ട് കൊണ്ടുപോകാൻ സാധാരണക്കാർക്കും സാധ്യമാകുന്നു.

ഒഡീഷ്യയിലെ കാലാഹാണ്ടിയിൽ ജലത്തിന്റേയും വിഭവങ്ങളുടേയും ദൗർലഭ്യം മറികടന്ന് ആരംഭിച്ച പച്ചക്കറി വിപ്ലവത്തെപറ്റി പ്രധാനമന്ത്രി വിവരിച്ചു. ഒരു കാലത്ത് കൃഷി സാധ്യമാകാത്തതിനെ തുടർന്ന് ആളുകൾ നാടുവിട്ട ഗോലാമുണ്ട ബ്ലോക്ക് ഇപ്പോൾ പച്ചക്കറി കേന്ദ്രമാണ്. പത്ത് കർഷകർ അടങ്ങുന്ന സംഘത്തിന്റെ തുടക്കം  ഇപ്പോൾ കോടികളുടെ പച്ചക്കറി വ്യാപാരമാണ് നടത്തിവരുന്നത്. ഇതിൽ നിന്ന് മാതൃക ഉൾക്കൊണ്ട് ഓരോ പ്രദേശത്തും കർഷക ഉത്പാദന സംഘങ്ങൾ രൂപീകരിക്കാനും ശക്തമാക്കാനും ആളുകൾ മുന്നോട്ട് വരണമെന്ന് അദ്ദേഹം നിർദേശിച്ചു.

ആളുകൾ ഫിറ്റ്നസ് ദിനചര്യയുടെ ഭാഗമാക്കുന്നതിൽ പ്രധാനമന്ത്രി അതിയായ സന്തോഷം അറിയിച്ചു. ഒരിക്കൽ മാവോയിസ്റ്റ് ആക്രമണത്തിന് സാക്ഷ്യം വഹിച്ച ബസ്തറിൽ  ഒളിമ്പിക്സ് മാതൃകയിൽ  ഖേൽ മഹാ കുംഭമേള സംഘടിപ്പിച്ചു. ഏഴ് ജില്ലകളിലെ ഒരുലക്ഷത്തി 65,000 കളിക്കാർ ബസ്തർ ഒളിമ്പിക്സിൽ പങ്കെടുത്തു. ഇത് യുവാക്കളുടെ നിശ്ചയ ദാർഢ്യത്തിന്റെ പ്രതീകമാണെന്ന് അദ്ദേഹം വിലയിരുത്തി. ബസ്തർ ഒളിമ്പിക്സ് മാതൃകയിൽ ഓരോ പ്രദേശത്തും ഇത്തരം കായിക പരിപാടികൾ സംഘടിപ്പിക്കാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

2014- ൽ ആരംഭിച്ച മൻ കി ബാത്ത് രാജ്യത്തെ കൂട്ടായ ശക്തിയുടെ ജീവൽ രേഖയായി മാറിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ എല്ലാ മേഖലകളിൽ നിന്നും ആശയങ്ങളും പരിശ്രമങ്ങളും പോസിറ്റീവ് എനർജിയും കൊണ്ടുവരാൻ മൻ കി ബാത്തിന് കഴിഞ്ഞു.  പുതിയ വർഷത്തിൽ കൂടുതൽ കാര്യങ്ങൾ മൻ കി ബാത്തിലൂടെ പങ്ക് വെക്കാനാകുമെന്ന വിശ്വാസവും അദ്ദേഹം പ്രകടിപ്പിച്ചു. ജനങ്ങൾക്ക് പുതുവർഷാശംസകൾ നേർന്നാണ് അദ്ദേഹം മൻ കി ബാത്ത് അവസാനിപ്പിച്ചത്.

✪✪✪

ISRO യുടെ  സ്പേസ് ഡോക്കിംഗ് പരീക്ഷണമായ  സ്പാഡെക്സ് നാളെ വിക്ഷേപിക്കും. ബഹിരാകാശത്ത് രണ്ട് ഉപഗ്രഹങ്ങൾ കൂട്ടി യോജിപ്പിക്കുക എന്ന അപൂർവ നേട്ടം ലക്ഷ്യമിടുന്ന  ദൗത്യം ചരിത്രപരമായ ഒന്നായിരിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ പറഞ്ഞു. ബഹിരാകാശ ഡോക്കിംഗിൽ വൈദഗ്ധ്യം നേടിയ രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇതോടെ ഇന്ത്യ പ്രവേശിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

കണ്ണൂർ നഗരത്തോട് ചേർന്നൊഴുകുന്ന  കാനാമ്പുഴ പുനരുജ്ജീവനത്തിന്റെ ഒന്നാം ഘട്ടം ഇന്ന്  വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ ആദ്യ നദീ പുനരുജ്ജീവന പദ്ധതിയാണിത്.

ജില്ലയിലെ  മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്ന് ആരംഭിച്ച് ഒമ്പത്  കിലോമീറ്ററിലധികം ഒഴുകി അറബിക്കടലിൽ പതിക്കുന്ന കാനാമ്പുഴ, കയ്യേറ്റവും കരയിടിച്ചിലും മലിനജലമൊഴുകിയും നാശോൻമുഖമായിരുന്നു. കാനാമ്പുഴയെ ജനകീയ കൂട്ടായ്മയിലൂടെയാണ് പുനരുജ്ജീവിപ്പിച്ചത്. പുഴയിലെ ചെളിയും മാലിന്യങ്ങളും നീക്കി പാർശ്വഭിത്തികൾ കെട്ടി. നടപ്പാതയും സോളാർ വിളക്കുകളും സ്ഥാപിച്ചു. ആദ്യ ഘട്ടത്തിൽ താഴെ ചൊവ്വ ചീപ്പ് പാലം മുതൽ ശിശുമന്ദിരം റോഡ് വരെയുള്ള ഭാഗമാണ് പുനരുദ്ധരിച്ചത്. രണ്ടാം ഘട്ട പ്രവർത്തനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞു. 26ന് നിശ്ചയിച്ച ഉദ്ഘാടനം എം.ടി. വാസുദേവൻ നായരുടെ നിര്യാണത്തെ തുടർന്നാണ് ഇന്നത്തേക്ക് മാറ്റിയത്.

✪✪✪

ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ പദവി ഒഴിഞ്ഞു കേരളത്തിൽ നിന്നും യാത്രയായി. കേരളവുമായി ഹൃദയബന്ധം തുടരുമെന്നും എല്ലാവർക്കും ആശംസകൾ നേരുന്നതായും  ഗവർണ്ണർ യാത്രയാകുന്നതിന് മുൻപ് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങിന്റെ ചിതാഭസ്മം ഡൽഹിയിൽ യമുനാ നദിയിൽ നിമജ്ജനം ചെയ്തു. ചടങ്ങിൽ കുടുംബാംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്.

✪✪✪

മുനമ്പം ഭൂപ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടലിൽ മനുഷ്യത്വപരമായ സമീപനം ഉണ്ടാകണമെന്ന് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിക്കലി ശിഹാബ് തങ്ങൾ പറഞ്ഞു.  സമുദായങ്ങൾ തമ്മിൽ ഒരിക്കലും ഇടർച്ച പാടില്ലെന്നും കൂടിയിരുന്ന് ചർച്ച ചെയ്യണമെന്നും അദ്ദേഹം തലശ്ശേരിയിൽ പറഞ്ഞു.

തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുമായി  രാവിലെ തലശ്ശേരിയിൽ ബിഷപ്പ്  ഹൗസിലെ കൂടിക്കാഴ്ചയിലാണ് തങ്ങൾ ഇക്കാര്യം വ്യക്തമാക്കിയത്. ഷാഫി പറമ്പിൽ MLAയും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു.

✪✪✪

ദക്ഷിണ കൊറിയയിലെ മുവാനിൽ  വിമാനാപകടത്തിൽ മരണം 96 ആയി. ബാങ്കോക്കിൽ നിന്നും എത്തിയ ജെജു എയർലൈൻസിന്റെ വിമാനം ലാൻഡിങ്ങിനിടെ റൺവേയിൽ ഇടിച്ചായിരുന്നു അപകടം. വിമാനത്തിൽ ഉണ്ടായിരുന്ന 181 പേരിൽ 179 ആളുകളും മരിച്ചെന്നാണ് മാധ്യമങ്ങളുടെ സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ. പ്രാദേശിക സമയം രാവിലെ ഒമ്പതോടെയായിരുന്നു അപകടം.

✪✪✪

63 -ാമത്  സംസ്ഥാന സ്കൂൾ കലോത്സവം ശനിയാഴ്ച തിരുവനന്തപുരത്ത് ആരംഭിക്കും. അടുത്ത മാസം എട്ടു വരെ അഞ്ചു ദിവസങ്ങളിലായി നടക്കുന്ന കലോത്സവം മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് നടപടി  സ്വീകരിച്ചതായി മന്ത്രി V. ശിവൻകുട്ടി അറിയിച്ചു.  മേള  ശനിയാഴ്ച രാവിലെ  മുഖ്യവേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഒൻപതര  മിനിറ്റ് ദൈർഘ്യം വരുന്ന  കലോത്സവ സ്വാഗതഗാനത്തോടൊപ്പം കലാമണ്ഡലം ചിട്ടപ്പെടുത്തിയ നൃത്താവിഷ്ക്കാരം  വേദിയിൽ അവതരിപ്പിക്കും. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് വയനാട്, വെള്ളാർമല സ്കൂളിലെ വിദ്യാർഥികൾ നൃത്ത ശിൽപ്പമൊരുക്കും. നഗരത്തിലെ 25 വേദികളിലായി 249 ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

✪✪✪

മയക്കുമരുന്ന് ഉപയോഗം യുവാക്കളിലും കുട്ടികളിലും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാന പോലീസ് മേധാവി വ്യക്തിപരമായി താൽപര്യമെടുത്ത് മയക്കുമരുന്ന് ഉപയോഗവും വിൽപനയും ഇല്ലാതാക്കുന്നതിനാവശ്യമായ  കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ്  ഉത്തരവിട്ടു .

സ്വീകരിക്കുന്ന നടപടികൾ മൂന്ന് മാസത്തിനുള്ളിൽ സംസ്ഥാന പോലീസ് മേധാവി കമ്മീഷന് സമർപ്പിക്കണമെന്നും ഉത്തരവിൽ പറയുന്നു.

✪✪✪

കേരള ലോകായുക്തയിൽ ഫയൽ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ സമീപകാലത്ത് ഉണ്ടായ വർദ്ധനയുടെ പശ്ചാത്തലത്തിലും,  കക്ഷികളുടെയും അഭിഭാഷകരുടെയും ആവശ്യം പരിഗണിച്ചും ബുധനാഴ്ച വെക്കേഷൻ സിറ്റിംഗ് നടത്തും. ലോകായുക്ത ജസ്റ്റിസ് എൻ അനിൽകുമാർ കേസുകൾ പരിഗണിക്കും. രണ്ടു ഉപലോകായുക്തമാരുടെയും അഭാവത്തിൽ  ഓഗസ്റ്റ്

മുതൽ ലോകായുക്ത ജസ്റ്റിസ് N അനിൽകുമാർ ആണ് സിംഗിൾ ബെഞ്ച് കേസുകൾ പരിഗണിച്ചു വരുന്നത്.

✪✪✪

മെൽബണിൽ ബോർഡർ-ഗവാസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ മികച്ച നിലയിൽ. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ രണ്ടാം ഇന്നിംഗ്സിൽ ഓസ്ട്രേലിയ 9 വിക്കറ്റ് നഷ്ടത്തിൽ 206 റൺസ് എടുത്തിട്ടുണ്ട്.

ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ 369 റൺസിന് പുറത്തായിരുന്നു.

✪✪✪